(സി) കെട്ടിടം പണിയുന്നതിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി കെട്ടിടം പണി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചു വരുന്നു.

(ഡി) വയനാട് എഞ്ചിനീയറിംഗ് കോളേജിലെ സീറ്റുകൾ നിലനിർത്തുന്നതിലേക്കായി എ.ഐ.സി.ടി.ഇ.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് എ.ഐ.സി.ടി.ഇ. യുടെ സജീവ പരിഗണനയിലാണ്.

**കാസർഗോഡ് ജില്ലയിൽ കണ്ണിവയൽ ഗവൺമെന്റ് ടി.ടി.ഐ. ക്ക് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്**

139 (2080) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കണ്ണിവയൽ ഗവൺമെന്റ് ടി.ടി.ഐ. ക്ക് എൻ.സി.ടി.ഇ. യുടെ സ്ഥിരാംഗീകാരം ലഭിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിലെ 39543/ഡി3/2002/ജി/ ഇ.ഡി.എൻ./ 18-9-2002-ാം നമ്പർ ഫയൽ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വെളിപ്പെടുത്തുമോ ;

(ബി) 2002-03-ലെ ബഡ്ജറ്റിൽ 4201-01-203 ഹെഡ്ഡിൽ വകയിരുത്തിയ തുക മേൽപ്പറഞ്ഞ പ്രവൃത്തിക്ക് നൽകാതിരുന്നത് എന്തുകൊണ്ടാണെന്നും പ്രസ്തുത തുക ഏതു കാര്യത്തിനായാണ് ചെലവഴിച്ചതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഈ ഫയൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) 4201-01-203 എന്ന ഹെഡ് സർവ്വകലാശാലയും ഉന്നത വിദ്യാഭ്യാസവും എന്ന ശീർഷകത്തിലാണ്. അത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽപ്പറഞ്ഞ പ്രവർത്തിക്ക് വിനിയോഗിക്കാൻ കഴിയില്ല. മേൽപ്പറഞ്ഞ ഹെഡ് ഓഫ് അക്കൗണ്ടിലെ തുക വിനിയോഗിച്ചതു സംബന്ധിച്ചുള്ള വിവരങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

**പുതുതായി അനുവദിക്കാൻ ശുപാർശ ചെയ്തിട്ടുള്ള കോളേജുകൾ**

140 (2082) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര കോളേജുകൾ വീതം പുതുതായി അനുവദിക്കണമെന്ന് സംസ്ഥാനത്തുള്ള സർവ്വകലാശാലകൾ ശുപാർശ ചെയ്തിട്ടുണ്ട് ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സ്വാശ്രയ കോളേജുകളും, എയ്ഡഡ് കോളേജുകളും പെടുമോ ; എങ്കിൽ എത്ര വീതം എന്നു പറയുമോ ?

ഉത്തരം

(എ) കേരള സർവ്വകലാശാല 25 ബി.എഡ്. കോളേജുകളും 2 ആർട്സ് ആന്റ് സയൻസ് കോളേജുകളും, 5 പ്രൊഫഷണൽ കോളേജുകളും അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല 9 ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാല 8 ആർട്സ് ആന്റ് സയൻസ് കോളേജുകളും, 3 പ്രൊഫഷണൽ കോളേജുകളും അനുവദിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല 20 ബി.എഡ്. കോളേജുകളും 15 ആർട്സ് ആന്റ് സയൻസ് കോളേജുകളും 9 പ്രൊഫഷണൽ കോളേജുകളും അനുവദിക്കണമെന്ന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളോടൊപ്പം കഴിഞ്ഞ വർഷം ശുപാർശ ചെയ്തിട്ടും സർക്കാർ അനുവദിക്കാതിരുന്ന കേസുകൾ കൂടി ഈ വർഷം പരിഗണിക്കണമെന്ന് സർവ്വകലാശാലകൾ ശുപാർശ ചെയ്തിട്ടുണ്ട്. സർവ്വകലാശാലാതലത്തിലുള്ള ഇൻസ്പെക്ഷൻ കമ്മീഷൻ ഇനിയും ശുപാർശ ചെയ്യുന്ന മുറയ്ക്ക് പുതിയ കോളേജുകൾക്കുള്ള അനുമതിക്കായി സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുന്നതാണെന്നും സർവ്വകലാശാലകൾ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ 2003-04 വർഷം സർക്കാർ പരിഗണിക്കേണ്ട കോളേജുകളുടെ അന്തിമ ലിസ്റ്റ് ആയിട്ടില്ല.

(ബി) അൺ-എയ്ഡഡ്/സ്വാശ്രയ മേഖലയിൽ പുതിയ കോളേജുകൾ അനുവദിക്കുന്ന കാര്യം മാത്രമേ സർക്കാർ പരിഗണിക്കുന്നുള്ളൂ.

**അന്യസംസ്ഥാനങ്ങളിലെ സർവ്വകലാശാലകൾ നടത്തുന്ന മെഡിക്കൽ, പി.ജി. കോഴ്സുകൾക്ക് അംഗീകാരം നൽകാൻ നടപടി**

**141 (2083)** ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.ഡി.എസ്., എം.ബി.ബി.എസ്., എം.എസ്. എന്നീ ഡിഗ്രികൾക്ക് സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഏതെല്ലാം യൂണിവേഴ്സിറ്റികൾ നടത്തുന്ന മെഡിക്കൽ പി.ജി. ഡിഗ്രികൾക്കും പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രികൾക്കും ആണ് കേരള, കോഴിക്കോട്, എം.ജി. കണ്ണൂർ യൂണിവേഴ്സിറ്റികൾ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ആൾ ഇന്ത്യാ എൻട്രൻസ് പരീക്ഷ നടത്തി പ്രവേശനം നൽകുന്ന പോണ്ടിച്ചേരി 'ജിപ്മർ'-ൽ എം.ഡി., എം. എസ്. പഠനം നടത്തി പോണ്ടിച്ചേരി

LIBRARY ARCHIVES Kerala Legislative Assembly